**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5571** **03-11-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 54 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ കർഷക രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്. പാടശേഖരത്തിലെ കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മിൽ അനുവദിക്കുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസം തന്നെ സംഭരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണം കാര്യക്ഷമമാക്കാൻ ആവശ്യമായ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെയും പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാരെയും നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം സംഭരണ വില കർഷകർക്ക് താമസംവിനാ ലഭ്യമാക്കുന്നതിനായി പി.ആർ.എസ് വായ്പാ പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. നെല്ലിന്റെ ഈർപ്പം സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ മോയിസ്ചർ മെഷിനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കാലവർഷം കണക്കിലെടുത്ത് കർഷകരിൽനിന്നും ഈർപ്പം നോക്കാതെ നെല്ല് സംഭരിക്കുന്നതിനും, പരാതിക്ക് ഇടനൽകാതെ നെല്ല് സംഭരണം സുഗമമായി നടത്തുന്നതിനും മിൽ ഉടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ അളവ് എത്രയാണെന്നും എത്ര പേരിൽ നിന്നാണ് സംഭരിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | 2021-22 സീസണിൽ നിലവിലെ കർഷക രജിസ്ട്രേഷൻ പ്രകാരം പാലക്കാട് ജില്ലയിലെ 49848 കർഷകരിൽ നിന്നായി ഏകദേശം 1,70,000 മെട്രിക് ടൺ നെല്ലാണ് സംഭരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (സി) | 213 കർഷകരുടെ നെല്ല് സംഭരിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത ജില്ലയിൽ കഴിഞ്ഞ പത്ത് വർഷമായി നെല്ല് സംഭരണത്തിൽ വർദ്ധനവുണ്ടോ; ഓരോ വർഷവും സംഭരിച്ച നെല്ല് എത്രയാണെന്ന് വിശദമാക്കാമോ? | (ഡി) | കഴിഞ്ഞ 10 വർഷമായി നെല്ല് സംഭരണത്തിൽ വർദ്ധനവുണ്ട്. ഓരോ വർഷവും സംഭരിച്ച നെല്ലിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സംഭരണ വർഷം | സംഭരിച്ച അളവ് (ലക്ഷം ടണ്ണിൽ) |
|---|---|
| 2011-12 | 2.2 |
| 2012-13 | 1.00 |
| 2013-14 | 2.13 |
| 2014-15 | 2.13 |
| 2015-16 | 2.23 |
| 2016-17 | 1.28 |
| 2017-18 | 1.49 |
| 2018-19 | 2.47 |
| 2019-20 | 2.97 |
| 2020-21 | 3.29 |

**സെക്ഷൻ ഓഫീസർ**